# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*133 **31-01-2018 ൽ മറുപടിയ്ക്ക്**

## നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ

**ചോദ്യം**

ശ്രീ.എം. സ്വരാജ്
,, രാജു എബ്രഹാം
,, വി. അബ്ദുറഹിമാൻ
,, യു. ആർ. പ്രദീപ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ (എൻ.എം.എസ്.എ) പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ (എൻ.എം.എസ്.എ) പദ്ധതി നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) & (സി) | തയ്യാറാക്കിയിട്ടുണ്ട്. സോയിൽ ഹെൽത്ത് മാനേജ്മെന്റ് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ രണ്ട് സഞ്ചരിക്കുന്ന മണ്ണ്പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ഫണ്ട് 75% കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള 25% സംസ്ഥാന സർക്കാർ വിഹിതവുമാണ്. പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ ഓരോ സഞ്ചരിക്കുന്ന മണ്ണ്പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനായി 2014-15 വർഷത്തിൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. ഈ പദ്ധതിയുടെ അടങ്കൽതുക 149.33 ലക്ഷം രൂപയാണ്. കേന്ദ്രസർക്കാർ വിഹിതമായ 112.00 ലക്ഷം രൂപയിൽ 100.80 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ലഭിക്കുകയും ചെയ്തു. രണ്ട് സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ വാഹനങ്ങൾ (customized Vehicle) വാങ്ങുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഇതിനുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | യുവകർഷകർക്ക്; മണ്ണിന്റെ ജൈവസമ്പന്നത നിലനിർത്തി കൃഷി അഭിവൃദ്ധിപ്പെടുത്തുന്ന പരിശീലന പരിപാടികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉൾപ്പെടുത്തിയിട്ടുണ്ട്.<br>സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പ്രകാരം 2014-15, 2015-16 വർഷങ്ങളിൽ കർഷകർക്കായി 13 പരിശീലനപരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിനായി 3.12 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവഗ്രാമങ്ങൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ അനുവദിച്ച പരമ്പരാഗത് കൃഷി വികാസ് യോജന പദ്ധതിയിൽ കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകി പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**